കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ- കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്ന സ്ഥലം മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളിക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2159/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 6-8-2012

---

പരാമർശം :-

1. തൊടുപുഴ നഗരസഭയുടെ 21-1-12-ലെ 12-ാം നമ്പർ തീരുമാനം.
2. തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 30-1-12-ലെ PW3-(T3) 2983/10 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 15-2-12- ലെ ജി3-1579/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൊടുപുഴ മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളി വക സർവേ 99/8 ബി-4 ൽപ്പെട്ട 2.43 ആർ സ്ഥലം കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 23-12-91-ൽ തൊടുപുഴ നഗരസഭയ്ക്ക് കൈമാറുകയുണ്ടായി. എന്നാൽ നഗരസഭ നിർമ്മിച്ച കംഫർട്ട് സ്റ്റേഷൻ പൊതുജനങ്ങൾ ഉപയോഗിക്കുന്നില്ല എന്ന് കണ്ടതിനാൽ അത് കിസ്തിനത്തിൽ ലേലം ചെയ്യാൻ നഗരസഭ ശ്രമിച്ചെങ്കിലും ആയത് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. സെമിത്തേരിയോട് ചേർന്നുള്ളതായതിനാൽ അത് ഭാവി വികസനത്തിന് ഉപയുക്തവുമല്ല. ഈ സാഹചര്യത്തിൽ പള്ളിവികാരിയുടെ 22-12-11-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കംഫർട്ട് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലം പള്ളിക്ക് തിരികെ നൽകുന്നതിന് സൂചന (1) പ്രകാരം തീരുമാനിക്കുകയും സൂചന (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളി വിട്ടുനൽകിയതും ഇപ്പോൾ തൊടുപുഴ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ തൊടുപുഴ വില്ലേജ് സർവേ 99/8B-4 ൽപ്പെട്ട 2.43 ആർ സ്ഥലം, കംഫർട്ട് സ്റ്റേഷൻ കെട്ടിടത്തിന് നഗരസഭ നിശ്ചയിക്കുന്ന വില ഈടാക്കിക്കൊണ്ട്, പള്ളിക്ക് തിരികെ വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, തൊടുപുഴ നഗരസഭ 685584.
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.